# രാമന്തളി ഗ്രാമപഞ്ചായത്ത്

# ബജറ്റ് 2024-25

**ആമുഖം**

2020 ഡിസംബർ മാസം നിലവില് വന്ന പഞ്ചായത്ത് ഭരണസമിതിയുടെ നാലാമത്തെ വാർഷിക ബജറ്റ് ആണ് ഇവിടെ അവതരിപ്പിക്കുന്നത്.

കേരള പഞ്ചായത്ത് രാജ് ചട്ടം 214 അനുശാസിക്കുന്ന പ്രകാരവും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്കനുസരിച്ചും തയ്യാറാക്കിയിട്ടുള്ള ഈ ബജറ്റ് 175-ാം വകുപ്പ് പ്രകാരം അനുവദിക്കപ്പെടുന്നതുൾപ്പടെ വിവിധ വികസന പദ്ധതികൾക്കായി ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടുള്ളതും 2024-25 വർഷത്തില് പ്രതീക്ഷിക്കാവുന്നതുമായ വരവുകളുടെയും ആയതിന് അനുസൃതമായ ചെലവുകളുടെയും വിശദാംശങ്ങള് സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ഈ ബജറ്റില് ഉൾക്കൊള്ളിച്ചിരിക്കുന്നു.

പഞ്ചായത്ത് രാജ് നിയമപ്രകാരം പ്രാദേശിക ഭരണകൂടങ്ങളെന്ന നിലയിൽ ഗ്രാമപഞ്ചായത്തുകള് ഓരോ സാമ്പത്തിക വർഷത്തിനും മുന്നോടിയായി ബജറ്റ് അവതരിപ്പിച്ച് പാസ്സാക്കേണ്ടത് അനിവാര്യവും പഞ്ചായത്തുകളുടെ ഉത്തരവാദിത്വവും കടമയുമാണ്.

പതിനാലാം പഞ്ചവൽസര പദ്ധതിയിലെ മൂന്നാം വർഷമായ 2024-25 വർഷത്തെ പദ്ധതി 2024 ഏപ്രില് മാസം ഒന്നാം തീയ്യതി ആരംഭിച്ച് 2025 മാർച്ച് മാസം 31 ന് അവസാനിക്കുന്ന സാമ്പത്തിക വർഷ കാലയളവില് രാമന്തളി ഗ്രാമപഞ്ചായത്തില് പ്രതീക്ഷിക്കുന്ന വരവു ചെലവ് കണക്കുകൾ നിങ്ങളുടെ മുമ്പാകെ സമര്പ്പിക്കുന്നു.

നമ്മുടെ പഞ്ചായത്ത് തനത് വരുമാനത്തിന്റെ കാര്യത്തില് തൃപ്തികരമായ അവസ്ഥയിൽ അല്ല.നിലവിലെ വികസനപ്രവർത്തനങ്ങൾക്ക് തനതുവരുമാനത്തിന്റെ വരവ് തൃപ്തികരമല്ല. വർഷം തോറും ചെലവിനങ്ങള് വർദ്ധിച്ചു വരുന്നു.എന്നാൽ അതിന് ആനുപാതികമായി തനത് വരുമാനം

കൂടുന്നില്ല.ആയതിനാൽ വരവും ചെലവും തമ്മിലുള്ള അന്തരം കൂടുന്ന സാഹചര്യമാണ് നമുക്കുള്ളത്.സ്വയം പര്യാപ്തമായ പ്രാദേശിക സർക്കാര് എന്ന ലക്ഷ്യം ഇനിയും വിദൂരമാണ്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളും ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളും അനുവദിക്കുന്ന ഫണ്ട് മുന്നിൽ കണ്ടുകൊണ്ടാണ് ഈ ബജറ്റ് അവതരിപ്പിക്കുന്നത്.സ്വയം പര്യാപ്തമായ ഒരു പ്രാദേശിക ഗവൺമെന്റ് എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് പദ്ധതികള് ആവിഷ്കരിക്കുന്നതിനും പരമാവധി ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. എല്ലാ മേഖലകളുടെയും പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

സേവന മേഖലക്ക് കൂടുതല് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള ഒരു ബജറ്റാണ് തയ്യാറാക്കിയിരിക്കുന്നത്. കാർഷിക മേഖലക്കും അർഹമായ പരിഗണന ഈ ബജറ്റില് നൽകിയിട്ടുണ്ട്.പഞ്ചായത്തിൽ ഗതാഗത സൌകര്യം വർദ്ധിപ്പിക്കുന്നതിന് നമുക്ക് വളരെയേറെ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. പരിമിതമായ വിഭവ സ്രോതസ്സുകൾ മാത്രമാണ് ഉള്ളതെങ്കിലും സാമ്പത്തിക അടിത്തറ ഉറപ്പിക്കുന്നതിനും സമഗ്ര വികസനത്തിനും പ്രത്യേകിച്ച് പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ വികസനത്തിനും ഊന്നല് നൽകിയാണ് ഈ ബജറ്റ് അവതരിപ്പിക്കുന്നത്. നിയതമായ ലക്ഷ്യത്തിലേക്ക് എത്തുന്നതിനുള്ള ആസൂത്രണം തന്നെയാണ് ബജറ്റ് വിഹിതത്തിലൂടെ ഒരോ മേഖലക്കും നീക്കി വെച്ചിരിക്കുന്നത്. സമയബന്ധിതമായ പ്രവർത്തനത്തിലൂടെ സാമ്പത്തിക അടിത്തറ ഉറപ്പിക്കുന്നതിനും പുതിയ സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ബജറ്റിലൂടെ കഴിയും എന്ന് വിനയ പുരസ്സരം ഓർമ്മിപ്പിക്കുവാന് ഈ അവസരം വിനിയോഗിക്കുന്നു.

## പഞ്ചായത്തിന്റെ ധനസ്ഥിതി അവലോകനം

. നമ്മുടെ പഞ്ചായത്ത് തനത് വരുമാനത്തിന്റെ കാര്യത്തില് തൃപ്തികരമായ അവസ്ഥയിൽ അല്ല. പഞ്ചായത്തിന്റെ മുഖ്യ തനത് വരുമാന സ്രോതസ്സുകളായ  വസ്തുനികുതി, തൊഴിൽ നികുതി, കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ്, ലൈസൻസ് ഫീസ് എന്നിവയില് നിന്നുള്ള വരുമാനം കുറവാണ്.പഞ്ചായത്തിന്റെ പ്രതീക്ഷിക്കുന്ന തനതു വരുമാനത്തിന്റെ വിവരങ്ങള് താഴെ ചേർക്കുന്നു.

| **ക്രമനം** | **ഇനം** | **തുക** |
|---|---|---|
| | വരവുകൾ | |
| 1 | നികുതി വരവുകൾ | 5300000 |
| 2. | നികുതിയേതര വരവുകൾ | 3499000 |
| 3 | ആകെ | 8799000 |
| 4. | പ്രതീക്ഷിക്കുന്ന ഭരണച്ചെലവുകളും സ്ഥാപനചെലവുകളും | 28388000 |

പഞ്ചായത്തിന്റെ ദൈനംദിന ഭരണച്ചെലവുകളും സ്ഥാപന ചെലവുകളും വഹിക്കുന്നതിന് സർക്കാർ ഗ്രാന്റുകളെ ആശ്രയിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്.

## മേഖലാ വിഭജനം

### ഉൽപ്പാദന മേഖല

**1. കൃഷി**

ഉൽപ്പാദന മേഖലയില് കാർഷിക മേഖലയ്ക്ക് അർഹമായ പ്രാധാന്യം ഈ ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.കാർഷിക മേഖലയിൽ, തരിശായി കിടക്കുന്നതും നെൽകൃഷിക്ക് അനുയോജ്യമായതുമായ ഭൂമിയിൽ പരമാവധി കൃഷി ഇറക്കി ഭക്ഷ്യ സുരക്ഷ എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി നെൽകൃഷിക്ക് 19,59,312 രൂപ നീക്കിവച്ചിട്ടുണ്ട്. തെങ്ങിന് ജൈവവളം വിതരണത്തിന് 17,10,000 രൂപ പദ്ധതിയിൽ നീക്കിവച്ചിട്ടുണ്ട്. കവുങ്ങ് കൃഷിക്ക് 70,000 രൂപയും പച്ചക്കറിയില് സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ 890000 /- രൂപ നീക്കി വച്ച് പച്ചക്കറി തൈകള് വിതരണം, ടെറസ്സ് പച്ചക്കറി കൃഷി, കുട്ടികൾ കൃഷിയിലേക്ക് കുറ്റി കുരുമുളക് വികസനം എന്നീ പദ്ധതികളും രൂപീകരിച്ചിട്ടുണ്ട്.

**2. മൃഗസംരക്ഷണം**

പഞ്ചായത്തിലെ മുഴുവൻ ക്ഷീരകർഷകർക്കും പാലിന് സബ്സിഡിയും കാലിത്തീറ്റയും നൽകി പാലുൽപാദനം വർദ്ധിപ്പിക്കുന്നതിന് ഉള്ള പദ്ധതിക്ക് ബജറ്റിൽ പ്രാധാന്യം നൽകുന്നു. ആയതിന് 21,12,500 രൂപ നീക്കിവച്ചിട്ടുണ്ട്. കന്നുകുട്ടി പരിപാലനത്തിന് 3,00,000 രൂപയും കറവപ്പശുക്കൾക്ക് ധാതു ലവണമിശ്രിതവും വിരമരുന്ന് നൽകല് പദ്ധതിക്കായി 95,000 രൂപയും മുട്ടക്കോഴി വിതരണത്തിന് 2,27,500 രൂപയും നീക്കിവച്ചിട്ടുണ്ട്. തെരുവുനായ നിയന്ത്രണത്തിനായി 1,00,000 രൂപയും , പേവിഷബാധ പ്രതിരോധ വാക്സിന് 15,000 രൂപയും മൃഗാശുപത്രിക്ക് മരുന്ന് വാങ്ങല് പദ്ധതിക്കായി 2,00,000 രൂപയും നീക്കിവച്ചിട്ടുണ്ട്. ഉൾനാടൻമത്സ്യതൊഴിലാളിക്ക് വള്ളവും, വലയും , കേടായ വല മാറ്റി നല്കുന്നതിന് 2,40,000/- രൂപയും, മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ്, ഫർണ്ണിച്ചർ എന്നീ

പദ്ധതികൾക്കായി 6,76,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. മണ്ണ് ജല സംരക്ഷണത്തിന് 1,00,000/- രൂപയും, ജനകീയ ഹോട്ടലിനും, മറ്റ് സംരംഭങ്ങൾക്കും 17,64,000/- രൂപയും വകയിരുത്തിയിട്ടുണ്ട്.

**<u>സേവന മേഖല</u>**

2024-25 വര്ഷത്തെ ബജറ്റില് സേവന മേഖലയില് നിരവധി പദ്ധതികൾക്ക് ബജറ്റില് തുക നീക്കിവച്ചിട്ടുണ്ട്. സമ്പൂർണ്ണ ഭൂരഹിത ഭവനരഹിത പഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സേവന മേഖലയില് ലൈഫ് ഭവന പദ്ധതിക്കായി 2,92,70,000/- രൂപ ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്.

വനിതാ ക്ഷേമത്തിന് ഊന്നൽ നൽകിയിട്ടുള്ള ബജറ്റിലെ പ്രധാനപ്പെട്ട പല പദ്ധതികളും സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക പുരോഗതി സാധ്യമാക്കും. സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കിക്കൊണ്ട് സ്ത്രീകളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി കുരുശുമുക്ക് വനിത ഫിറ്റ്നെസ്സ് സെന്റർ - ഉപകരണങ്ങൾ വാങ്ങല് എന്ന പദ്ധതിക്കായി 10 ലക്ഷം രൂപ ബജറ്റില് നീക്കിവച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി വിമൻ ഫെസിലിറ്റേറ്ററുടെ നിയമനം പദ്ധതിക്കായി 3,00,000/- രൂപയും വകയിരുത്തിയിട്ടുണ്ട്.

അങ്കണവാടി പോഷകാഹാര പദ്ധതിക്കായി 35,00,000/- രൂപയും, അങ്കണവാടി പശ്ചാത്തലസൌകര്യങ്ങള്, അനുബന്ധസൌകര്യങ്ങൾ എന്നിവക്കായി 1,50,000/- രൂപയും നീക്കിവച്ചിട്ടുണ്ട്.

ഭിന്നശേഷിസൌഹൃദ പഞ്ചായത്ത് എന്ന കാഴ്ചപ്പാടോടെ ഭിന്നശേഷിക്കാരുടെ ക്ഷേമത്തിന് ഉതകുന്ന പദ്ധതികൾക്ക് ഈ ബജറ്റിൽ തുക നീക്കിവച്ചിട്ടുണ്ട്. ഭിന്നശേഷി സ്കോളർഷിപ്പ്, ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾ, ഭിന്നശേഷിക്കാരായ കുട്ടികളുടെ തദ്ദേശസ്ഥാപന തല കലാകായിക മൽസരം എന്നിവയ്ക്കായി 42,00,000/- രൂപയും നീക്കി വെച്ചിട്ടുണ്ട്., വയോജനക്ഷേമത്തിനുതകുന്ന

പദ്ധതികൾക്കായി 11,55,000/- രൂപയും നീക്കിവച്ചിട്ടുണ്ട്. അഗതി ക്ഷേമത്തിനും, മറ്റ് സാമൂഗ്യ സുരക്ഷിതത്വ പരിപാടികൾക്കും, ശിശുക്ഷേമത്തിനും 5,55,000/- രൂപയും നീക്കി വച്ചിട്ടുണ്ട്.

ആരോഗ്യ മേഖലയിൽ ഹോമിയോ, ആയുർവ്വേദ ആശുപത്രികൾക്ക് മരുന്ന് വാങ്ങല് പദ്ധതിക്കായി 30,50,000/- രൂപയും, പാലിയേറ്റീവ് കെയർ പദ്ധതിക്കായി 8 ലക്ഷം രൂപയും, ക്യാൻസര് രോഗികൾക്ക് മരുന്ന് വാങ്ങുന്നതിന് 1,00,000/- രൂപയും, ആരോഗ്യ മേഖലയിലെ മറ്റ് പ്രവർത്തനങ്ങൽക്കായി 23,30,000/- രൂപയും നീക്കിവെച്ചിട്ടുണ്ട്.

അനിവാര്യ പദ്ധതികളായ പത്താമുദയം - സമ്പൂർണ്ണ സെക്കന്ററി വിദ്യാഭ്യാസ ജില്ല പദ്ധതിക്കായി 2 ലക്ഷം രൂപയും ജീവിതമാണ് ലഹരി, ലഹരിയല്ല ജീവിതം പദ്ധതിക്കായി 30,000/- രൂപയും, കുട്ടികൾക്ക് യോഗാ പരിശീലനം, കായിക പരിശീലനം, നീന്തൽ പരിശീലനം എന്നിവയ്ക്ക് 2,80,000/-രൂപയും നീക്കിവച്ചിട്ടുണ്ട്.

പൊതു വിദ്യാഭ്യാസത്തിന് അർഹമായ പ്രാധാന്യം നൽകിയിട്ടുള്ള ബജറ്റില് എസ് എസ് എ വിഹിതം നൽകല് പദ്ധതിക്കായി 5 ലക്ഷം രൂപയും, ബാലസഭ പദ്ധതിക്കായി 15,000/- രൂപയും നീക്കിവെച്ചിട്ടുണ്ട്..

ദാരിദ്ര്യലഘൂകരണത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള ബജറ്റാണ് 2024-25 വർഷത്തേക്കുള്ള ബജറ്റ്. ആശ്രയ പദ്ധതിക്കായി 75,000/- രൂപ നീക്കിവെച്ചിട്ടുണ്ട്.

മാലിന്യ സംസ്ക്കരണത്തിനായി ഉറവിട മാലിന്യ സംസ്ക്കരണോപാധികൾ വിതരണം ചെയ്യല് , ബയോഗ്യാസ് യൂണിറ്റ് വിതരണം ഹരിത കർമ്മസേനക്ക് വാഹന വാടക എന്നിവയ്ക്കായി 53,04,240 /- രൂപ നീക്കിവെച്ചിട്ടുണ്ട്.

തുറസ്സായ കുടിവെള്ള കിണറുകൾ ശുചിത്വ കിണറുകള് ആക്കി മാറ്റൽ പദ്ധതിക്ക് 80,000/- രൂപ ഉൾപ്പെടെ കുടിവെള്ളത്തിന് ആകെ 48,30,000/- രൂപ നീക്കി വെച്ചിട്ടുണ്ട്.

കമ്പ്യൂട്ടർവൽക്കരണത്തിനായി 3,50,000/- രൂപയും ടെക്നിക്കല് അസിസ്റ്റന്റിന് വേതനം നൽകുന്നതിനായി 3,72,000/- രൂപയും ഐ കെ എം വിഹിതം നൽകുന്നതിന് 1 ലക്ഷം രൂപയും, പദ്ധതി രൂപീകരണം നിർവ്വഹണം, മോണിറ്ററിംഗിനായി 2 ലക്ഷം രൂപയും , സത് ഭരണത്തിന് 5,02,000/- രൂപയും നീക്കിവെച്ചിട്ടുണ്ട്.

കണ്ടിജൻസി ചെലവിനത്തില് ഘടക സ്ഥാപനങ്ങൾക്ക് അനുവദിക്കുന്നതിനായി 17,25,000/- രൂപ നീക്കിവെച്ചിട്ടുണ്ട്.

## <u>പശ്ചാത്തലമേഖല</u>

ബജറ്റിന്റെ വളരെ പ്രധാനപ്പെട്ട ഒരു വിഹിതം പശ്ചാത്തല മേഖലയ്ക്കായി മാറ്റിവെക്കേണ്ടി വരുന്നു. പരിമിതമായ ഫണ്ടുപയോഗിച്ച് പരമാവധി ആളുകൾക്ക് ഗതാഗത സൌകര്യം എത്തിക്കുന്നതിന് ബജറ്റിൽ തുക നീക്കിവെച്ചിട്ടുണ്ട്. പശ്ചാത്തല മേഖലയില് റോഡ് വികസനത്തിന് 1,42,00,000/- രൂപയും കലുങ്ക്, നടപ്പാലം പുനരുദ്ധാരണത്തിന് 3 ലക്ഷം രൂപയും നീക്കിവെച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് ബജറ്റില് അർഹമായ പ്രാധാന്യം നൽകുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്.എം സി എഫിൽ ബെയിലിംഗ് മെഷീൻ സ്ഥാപിക്കുന്നതിനും, വിവിധ വാർഡുകളില് മിനി എം സി എഫ് സ്ഥാപിക്കുന്നതിനും 15,00,000 രൂപയും, അങ്കണവാടി പുനരുദ്ധാരണത്തിന് 5,00,000/-രൂപയും , പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിന് 15,00,000/- രൂപയും, കുരിശുമുക്ക് മിനി സ്റ്റേഡിയത്തിന് 2,00,000/- രൂപയും, വിവിധ നടപ്പാത പുനരുദ്ധാരണത്തിന് 3,00,000/- രൂപയും നീക്കി വെച്ചിട്ടുണ്ട്. തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനും, അറ്റകുറ്റപണികൾക്കുമായി 6,00,000/- രൂപയും നീക്കി വെച്ചിട്ടുണ്ട്.

ഈ ബജറ്റ് നിർദ്ദേശങ്ങള് നടപ്പാക്കുന്നതിനായി ഭരണസമിതിയുടെയും മറ്റെല്ലാവരുടെയും സഹായസഹകരണങ്ങള് പ്രതീക്ഷിക്കുന്നു. പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യം വെക്കുന്നതും സർവ്വതലങ്ങളും കോർത്തിണക്കിയതുമായ 30,21,942/-

രൂപ മിച്ചം കണക്കാക്കുന്ന ബജറ്റ് പഞ്ചായത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

സസ്നേഹം

രാമന്തളി

27/02/2024

**ഗോവിന്ദൻ ടി**

വൈസ് പ്രസിഡന്റ് &

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണ്

രാമന്തളി ഗ്രാമപഞ്ചായത്ത്